LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിലെ പുല്ലുരാംപാറ സെന്റ് ജോസഫ് ഹയർസെക്കന്ററി സ്കൂളിന് സിന്തറ്റിക് ട്രാക്കും മലബാർ സ്പോർട്ട്സ് അക്കാഡമിക്ക് ബാസ്കറ്റ്ബാൾ കോർട്ട്, വോളീബാൾ കോർട്ട് തുടങ്ങിയ ആധുനിക പരിശീലന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള അപേക്ഷകൾ ഇതുവരെ ഡിപ്പാർട്ടുമെന്റിനോ സ്പോർട്ട്സ് കൗൺസിലിനോ ലഭിച്ചതായി കാണുന്നില്ല. ഇത്തരം സ്ഥാപനങ്ങൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് സ്പെൽ പദ്ധതി പ്രകാരം അപേക്ഷ ക്ഷണിച്ച് ആയവ സംസ്ഥാന സമിതിയിൽ പരിശോധിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാറുണ്ട്. നടപ്പു സാമ്പത്തികവർഷം ഇത്തരം പദ്ധതികൾ പുതുതായി നടപ്പിലാക്കാൻ ബന്ധപ്പെട്ട ശീർഷകത്തിൽ മതിയായ തുക നിലവിലില്ല. ഗവൺമെന്റ് ഒരു ഫാഗ് എന്റിൽ നിൽക്കുന്നതുകൊണ്ടാണ് ആ തുക ഇല്ലാത്തത്. സാങ്കേതികമായി ചില ബുദ്ധിമുട്ടുകളുള്ളതിനാൽ ഈ സാമ്പത്തിക വർഷം ഈ ആവശ്യങ്ങൾ പരിഗണിക്കുന്നതിന് പ്രയാസമുണ്ട്. ഇത്തരം കായിക സ്ഥാപനങ്ങൾക്ക് കായികോപകരണങ്ങൾ വാങ്ങുന്നതിന് പബ്ലിസിറ്റി ശീർഷകത്തിൽനിന്നും ധനസഹായം നൽകുന്നതിനായി കായിക യുവജന കാര്യാലയം എല്ലാവർഷവും അപേക്ഷ ക്ഷണിക്കാറുണ്ട്. അപേക്ഷ കൊടുത്താൽ നിശ്ചയമായിട്ടും അതിനാവശ്യമായ എല്ലാ പ്രോത്സാഹനവും നൽകുന്നതാണ്.

(6) താനൂർ തീരദേശവാസികൾക്ക് പട്ടയം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, എന്റെ നിയോജകമണ്ഡലത്തിൽ താനൂർ നഗരസഭ, നിറമരുതൂർ പഞ്ചായത്ത് എന്നിവ ജനസാന്ദ്രത കൂടിയ തീരപ്രദേശങ്ങളാണ്. മത്സ്യഗ്രാമം പദ്ധതിയടക്കം ഒട്ടേറെ പദ്ധതികളിലൂടെ സമ്പൂർണ്ണ ഭവനനിർമ്മാണ സ്കീം അവിടെ നടപ്പിലാക്കി. 60 ഓളം കുടുംബങ്ങൾ ഇപ്പോഴും സ്വന്തമായി കിടപ്പാടമില്ലാത്തതിനാൽ വീടിന് അപേക്ഷിക്കുവാൻ കഴിയാതെ പ്രയാസപ്പെടുകയാണ്. ചീരാൻ കടപ്പുറം, പുതിയ കടപ്പുറം, അഞ്ചുടി തുടങ്ങിയ സ്ഥലങ്ങളിലുള്ള ഇവർ പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ്. വർഷങ്ങളായി ഭൂമിക്ക് നികുതി അടച്ചുവരുന്ന ഇവരോട് ഇക്കഴിഞ്ഞ റീസർവ്വേയ്ക്ക് ശേഷം അത് സ്വന്തം ഭൂമിയല്ല എന്നുപറഞ്ഞ് നികുതി അടയ്ക്കാനുള്ള അവകാശം പോലും നിഷേധിച്ചിരിക്കുകയാണ്. പട്ടയമില്ലാത്തതിനാൽ ഒരു ആനുകൂല്യവും ഇപ്പോൾ ലഭിക്കുന്നില്ല. പട്ടയം നൽകാതിരിക്കാനുള്ള കാരണമായി ഇവർ പറയുന്നത് ഇത് സി.ആർ.ഇസഡ്-ന്റെ പരിധിയിലുള്ള സർക്കാർ ഭൂമി എന്നാണ്. ഈ സാഹചര്യത്തിൽ പതിറ്റാണ്ടുകളായി, തലമുറകളായി ജീവിച്ചുപോന്ന ഭൂമിയിൽ ജീർണ്ണിച്ച ഓലക്കുടിൽ മാറ്റാൻ പോലും കഴിയാതെ നിസ്സഹായവസ്ഥയിൽ കഴിയുന്ന ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ രക്ഷിക്കുവാൻ ഇവരുടെ ഭൂമിക്ക് പട്ടയം നൽകി അത് നിയമാനുസൃതമാക്കി കൊടുക്കണം എന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താനൂർ നിയോജകമണ്ഡലത്തിലെ തീരദേശപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളടക്കമുള്ള നിവാസികൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ വില്ലേജ് തലത്തിൽ പൂർത്തിയായി വരികയാണ്. തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങൾക്ക് ദൂര പരിധിയിൽ ഇളവ് ലഭ്യമാകുകയും ഫിഷറീസ് വകുപ്പിന്റെ അനുമതി ആവശ്യമുള്ള കേസ്സുകളിൽ അനുമതി ലഭിക്കുകയും തീരദേശ റീസർവ്വേ പൂർത്തിയാകുകയും ചെയ്യുന്ന മുറയ്ക്ക് പട്ടയം നൽകാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ തീരദേശപ്രദേശങ്ങളിൽ വസിക്കുന്ന ആളുകൾക്ക് പട്ടയം നൽകുന്നതിനുവേണ്ടി അടിയന്തരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) ഫെയർവാല്യൂവിൽ നിന്നും ഒഴിവാക്കൽ

ശ്രീ. വി.ഡി. സതീശൻ: സർ, നമ്മുടെ നെൽവയൽ നീർത്തട നിയമത്തിൽ 3 (എ) ഭേദഗതി ഈ സഭ പാസ്സാക്കുകയുണ്ടായി. അതിനെത്തുടർന്ന് 2008-നുമുൻപ് നിലം നികത്തിയ കേസ്സുകൾ എല്ലാം ക്രമവൽക്കരിക്കുന്നതിന് വേണ്ടിയുള്ള ഒരു തീരുമാനമെടുക്കുകയുണ്ടായി. ആ നിയമത്തിനുള്ള 3 (എ) ഭേദഗതിക്കുള്ള ചട്ടവും ഈ നിയമസഭയിൽ കൊണ്ടുവരികയും പാസ്സാക്കുകയുമുണ്ടായി. ഈ നിയമവും ചട്ടവുമനുസരിച്ച് 2008-നുമുൻപ് നികത്തിയ നിലങ്ങളെല്ലാം ക്രമവൽക്കരിക്കുമ്പോൾ ഇപ്പോഴുള്ള ഫെയർ വാല്യൂവിന്റെ 25 ശതമാനം ഫൈനായി അടച്ചിട്ടാണ് ക്രമവൽക്കരിക്കുന്നത്. നിരവധി വർഷക്കാലമായി പുരയിടമായി വീട് വച്ച് താമസിക്കുന്നവരുടെ സ്ഥലം രേഖയിൽ നിലമായി രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ട് അവർക്ക് ഫെയർ വാല്യൂവിന്റെ 25 ശതമാനം പണമായി അടയ്ക്കേണ്ടിവന്നിരിക്കുകയാണ്. ഗ്രാമപ്രദേശങ്ങളിൽ 10 സെന്റിൽ താഴെയുള്ളവർക്കും നഗരപ്രദേശങ്ങളിൽ 5 സെന്റിൽ താഴെയുള്ളവർക്കും സ്ഥലം നികത്താനുള്ള അനുമതി ഈ നിയമത്തിൽ തന്നെയുണ്ട്. അതിനനുബന്ധമായി ഇപ്പോൾ ഇത് ക്രമവൽക്കരിക്കുമ്പോൾ, ഈ ഫെയർ വാല്യൂവിന്റെ 25 ശതമാനം അടയ്ക്കുന്നതിൽനിന്നും ഗ്രാമ പ്രദേശങ്ങളിൽ 10 സെന്റുകാരേയും നഗരപ്രദേശങ്ങളിൽ 5 സെന്റുകാരേയും ഒഴിവാക്കണമെന്നതാണ് എന്റെ സബ്മിഷൻ. 2008 -നുമുൻപ് നികത്തപ്പെട്ട ഈ സ്ഥലങ്ങളിൽ 10 സെന്റുകാരന് ഫെയർ വാല്യൂവിന്റെ 25 ശതമാനം അടയ്ക്കണമെങ്കിൽ ഓരോ സ്ഥലത്തിനും മിനിമം 20 ലക്ഷം രൂപ മുതൽ 40 ലക്ഷം രൂപ വരെ ഫെയർവാല്യൂ ഉണ്ട്. 5 ലക്ഷം രൂപയും 10 ലക്ഷം രൂപയും 10 സെന്റിൽ താമസിക്കുന്ന സാധാരണക്കാരെക്കൊണ്ട് ഫെയർ വാല്യൂവിന്റെ 25 ശതമാനം അടപ്പിക്കുക എന്നു പറയുന്നത് അന്യായമായ കാര്യമാണ്. അതുകൊണ്ട് നിയമത്തിലോ, ചട്ടത്തിലോ ആവശ്യമായ ഭേദഗതി വരുത്തി ഗ്രാമപ്രദേശങ്ങളിൽ 10 സെന്റിൽ താഴെയുള്ളവരേയും നഗരപ്രദേശങ്ങളിൽ 5 സെന്റിൽ താഴെയുള്ളവരേയും ഫെയർവാല്യൂവിന്റെ 25 ശതമാനം അടയ്ക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly